# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4167 26/06/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ട എൽ.പി., യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | <u>വിഭാഗം</u>   <u>ലംപ്സംഗ്രാന്റിനത്തിൽ അനുവദിക്കുന്ന തുക</u><br>എൽ.പി - 250/- രൂപ<br>യു.പി. - 500/- രൂപ<br>ഹൈസ്കൂൾ - 750/- രൂപ<br><br>9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിമാസം 150/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് ഡേ സ്കോളേഴ്സിനും പ്രതിമാസം 350/- രൂപ നിരക്കിൽ 10 മാസത്തേയക്ക് ഹോസ്റ്റലേഴ്സിനും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കൂടാതെ അഡ്ഹോക്ക് ഗ്രാന്റായി പ്രതിവർഷം ഡേ സ്കോളേഴ്സിന് 750/- രൂപയും ഹോസ്റ്റലേഴ്സിന് 1000/- രൂപയും അനുവദിച്ചുവരുന്നു. |
| (ബി) | ഇതേ ക്ലാസ്സുകളിലെ ഒ.ബി.സി., മൈനോരിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തുക എത്രയാണെന്ന് വിശദമാക്കുമോ ; | (ബി) | 44,500/- രൂപയോ അതിനു താഴെയോ വരുമാന പരിധിയുള്ള ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ പ്രതിവർഷം തുക അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ക്ലാസ്സ് — അനുവദിക്കുന്ന തുക<br><br>1-5 — 750/- രൂപ<br>6-8 — 900/- രൂപ<br>9-10 — 1,000/- രൂപ<br><br>ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള മൈനോരിറ്റി വിഭാഗത്തിൽപ്പെടുന്ന 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1,000/- രൂപയാണ് പ്രതിവർഷം അനുവദിക്കുന്നത്. |
| (സി) | ഒ.ബി.സി., മൈനോരിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് തുല്യമായ തുക പട്ടികജാതി വിദ്യാർത്ഥികൾക്കും ലഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ